## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1440

06.03.18 - ൽ മറുപടിക്ക്.

## ആറ്റുകാൽ വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എസ്. ശിവകുമാർ | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം - ആറ്റുകാൽ വികസന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ആറ്റുകാൽ വികസന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എന്തൊക്കെ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും എന്ത് തുകയ്ക്കുള്ള വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | ഈ സാമ്പത്തിക വർഷം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വികസന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| (സി) | ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലത്ത് എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്; അതിനായി ട്രസ്റ്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | 10 കോടി രൂപ ചെലവിൽ 1250 പേർക്ക് ഒരേസമയം ഇരുന്ന് ഭക്ഷണം കഴിക്കാൻ കഴിയുന്ന 1666 ച.മീ. വിസ്തീർണ്ണത്തിലുള്ള അന്നദാനമണ്ഡപം, 26 മീറ്റർ നീളത്തിലും 4.5 മീറ്റർ വീതിയിലും നിർമ്മിക്കുന്ന 3 ഉരുക്കുപാലങ്ങൾ, 600 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലുമുള്ള നടപ്പാത നിർമ്മാണം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി ആറ്റുകാൽ മാസ്റ്റർ പ്ലാൻ പദ്ധതി ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റിന്റെ അനുമതിയോടെ നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - ചോദ്യം (ബി)**

ആറ്റുകാൽ വികസന പദ്ധതിയുടെ അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരം മൂന്ന് സ്റ്റേയിലുകളിലായി 31 വാർഡുകളെ സംയോജിപ്പിച്ചാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

ഒന്നാം ഘട്ടമായ സ്റ്റേയിൽ 1 ൽ ആറ്റുകാൽ ക്ഷേത്ര സമുച്ചയത്തോട് ബന്ധപ്പെട്ട് വരുന്ന ട്രസ്റ്റിന്റെ 22 ഏക്കർ സ്ഥലം ഉൾപ്പെടെ 50 ഏക്കർ ഭൂമിയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഭക്തർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, താമസ സൗകര്യം, ശുചിമുറികൾ, വിശ്രമസ്ഥലങ്ങൾ, കല്ല്യാണ മണ്ഡപങ്ങൾ, പാർക്കിംഗ് സൗകര്യം, എ.സി.ഹാളുകൾ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്.

സ്റ്റേയിൽ 2 രണ്ടാം ഘട്ടത്തിൽ ഇന്റഗ്രേറ്റഡ് സിറ്റി ഡവലപ്മെന്റ് പ്രോജക്റ്റ് ആയി കിള്ളിപ്പാലം-അട്ടക്കുളങ്ങര പ്രദേശം റോഡ് വൈഡനിംഗ് ഉൾപ്പെടെ വികസിപ്പിക്കും

സ്റ്റേയിൽ 3 ൽ ആകെ 31 വാർഡുകളുടെ വികസനമാണ് ഉദ്ദേശിക്കുന്നത്. പൊങ്കാല അർപ്പിക്കുന്നതിനുള്ള പ്രദേശങ്ങളുടെ വികസനം ഇതിൽ ഉൾപ്പെടുന്നുണ്ട്.